ഉത്തരം

(എ) ഉണ്ട്.

(ബി) സി.പി.എം. ബി.ജെ.പി. പ്രവർത്തകർ തമ്മിലായിരുന്നു സംഘട്ടനം.

(സി) താന്നിമൂട് എന്ന സ്ഥലത്ത് നടത്തിവന്നിരുന്ന മണ്ഡലച്ചിറപ്പ് ഉത്സവത്തിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള തർക്കമാണ് സംഘട്ടനത്തിൽ കലാശിച്ചത്.

(ഡി) സംഭവം അറിഞ്ഞ ഉടൻ തന്നെ നെടുമങ്ങാട് പോലീസ് സ്ഥലത്തെത്തി ക്രമസമാധാനനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഇ) ഈ സംഭവവുമായി ബന്ധപ്പെട്ട് നെടുമങ്ങാട് പോലീസ് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ഒന്ന് ക്രൈം നം 598/99, ഐ.പി.സി.143, 147, 148, 149, 323, 324, 427 എന്നീ വകുപ്പുകൾ പ്രകാരവും ആംഡ് ആക്ട് സെക്ഷൻ 27 പ്രകാരവുമാണ് കേസെടുത്തിട്ടുള്ളത്. ഇതിൽ 6 പ്രതികളേയും അറസ്റ്റു ചെയ്തിട്ടുണ്ട്. ക്രൈം നം.599/99 ഐ.പി.സി.143, 147, 149, 332, 427 പ്രകാരവും പി.ടി.പി.പി. ആക്ട് 3(1) പ്രകാരവും പോലീസിനെ ആക്രമിച്ചതിനും ജീപ്പ് നശിപ്പിച്ചതിനും 50 ബി.ജെ.പിക്കാർക്കെതിരെ നെടുമങ്ങാട് പോലീസ് കേസ്സെടുത്തു. ഇതിൽ 5 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(എഫ്) ഇത്തരത്തിൽ ഒരു പരാതി ലഭിച്ചതായി കാണുന്നില്ല.

252(2450) പരിസ്ഥിതി മലിനീകരണം സംബന്ധിച്ച ബോധവൽക്കരണം

ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയേയും മലിനീകരണത്തേയും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി സുപ്രീംകോടതിയും കേന്ദ്രസർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ ജനങ്ങളുടെ ഇടയിൽ ക്യാംമ്പയിനിംഗ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിസ്ഥിതിയേയും മലിനീകരണത്തേയും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പ്രധാനമായും മൂന്ന് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(1) എല്ലാവർഷവും ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) ഗവേഷണ-വികസന പരിപാടിയുടെ ഭാഗമായി പരിസ്ഥിതി മലിനീകരണ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും പഠിശീലനവും സംഘടിപ്പിക്കുന്നതിന് സർക്കാർ-സർക്കാരിതര സംഘടനകളെ സഹായിക്കുന്നു.

(3) പരിസ്ഥിതി-മലിനീകരണ ബോധവൽക്കരണത്തിന് സഹായകരമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും അതിന്റെ വിജയത്തിന് പൊതുജനത്തിനുള്ള പങ്ക് വിവരിച്ചുകൊടുക്കുന്നതിനും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡുവഴി വിവിധ പൊതുജന സമ്പർക്ക മാദ്ധ്യമങ്ങൾ ഉപയോഗിച്ചുവരുന്നു. ഇതിനായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സെമിനാറുകൾ നടത്തിവരുന്നു. റേഡിയോയിലും ടെലിവിഷനിലും പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പരിപാടികളിൽ പങ്കെടുക്കുകയും പരസ്യങ്ങൾ വഴിയും ലഘുരേഖകൾ വഴിയും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചു ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നു. ബോർഡിന്റെ നടപ്പു പഞ്ചവത്സര പദ്ധതിയിൽ ഇത്തരം പദ്ധതികൾക്കായി പതിനഞ്ചുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം പൊതുജനസമ്പർക്കം മെച്ചപ്പെടുത്തുന്നതിനായി ബോർഡിന്റെ ഹെഡ് ഓഫീസിൽ പൊല്യൂഷൻ അവയർനസ് ആന്റ് അസിസ്റ്റന്റ് സെന്റർ പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി സംബന്ധിച്ച വിവരങ്ങളും നിർദ്ദേശങ്ങളും ഇവിടെനിന്നും നൽകിവരുന്നു. ഒരു എൻവയർമെന്റൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രം പരാതി പരിഹാരത്തിന്റേയും ചുമതല വഹിക്കുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

253 (2467) മലബാർ മാർക്കറ്റ് കമ്പനിയിലെ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദിരാശി കമ്മേർസിയൽ ക്രോപ്സ് മാർക്കറ്റ് ആക്ട് പ്രകാരം രൂപീകൃതമായ മലബാർ മാർക്കറ്റ് കമ്പനിയിലെ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ചുള്ള നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) റഗുലേറ്റഡ് മാർക്കറ്റ് സമ്പ്രദായം നടപ്പിലാക്കുവാൻ ഒരു കരട് ബിൽ തയ്യാറാക്കിയിരുന്നുവോ; എങ്കിൽ ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ റഗുലേറ്റഡ് മാർക്കറ്റ് സമ്പ്രദായം നടപ്പാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly